REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-07-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി മോസ്കോയിൽ ഇന്ന് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനൊപ്പം അധ്യക്ഷ പദവി പങ്കുവെയ്ക്കും.
- ജമ്മു കശ്മീരിൽ സൈനിക വാഹന വ്യൂഹത്തിനു നേരെ ഭീകരർ നടത്തിയ ആക്രമണത്തിൽ അഞ്ച് സൈനികർ വീരമൃത്യു വരിച്ചു.
- BJP കേരള ഘടകത്തിന്റെ വിശാല നേതൃ യോഗം ദേശീയ അധ്യക്ഷൻ JP നദ്ദ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- തദ്ദേശ വാർഡ് വിഭജന ബില്ലിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഒപ്പുവച്ചു.
- യൂറോകപ്പ് ഫുട്ബോളിലെ ആദ്യ സെമി പോരാട്ടത്തിൽ ഇന്ന്, സ്പെയിൻ ഫ്രാൻസുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

റഷ്യൻ സന്ദർശനം നടത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി മോസ്കോയിൽ ഇന്ന് ഇന്ത്യ-റഷ്യ 22-ാം വാർഷിക ഉച്ചകോടിയിൽ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനൊപ്പം അധ്യക്ഷ പദവി പങ്കുവെയ്ക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വിഷയങ്ങൾ ഉച്ചകോടി അവലോകനം ചെയ്യും.

രാജ്യ സുരക്ഷ, വ്യാപാര - നിക്ഷേപ ബന്ധങ്ങൾ, ഊർജ്ജ സഹകരണം, വിദ്യാഭ്യാസം, സംസ്കാരം, എന്നിവയടക്കം വിഷയങ്ങൾ ഉച്ചകോടി വിശദമായി ചർച്ച ചെയ്യും. ആഗോള, പ്രാദേശിക വിഷയങ്ങളും അവലോകന വിധേയമാകും. ബ്രിക്സ്, ഷാങ്ഹായ് കോർപ്പറേഷൻ സംഘടന, G-20, കിഴക്കനേഷ്യൻ ഉച്ചകോടി, ഐക്യരാഷ്ട്ര സംഘടന, എന്നിവയിലെ പ്രസക്ത വിഷയങ്ങളും ഉച്ചകോടിയിൽ വിലയിരുത്തും.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

മൂന്ന് ദിവസത്തെ റഷ്യ-ഓസ്ട്രിയ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ വൈകിട്ടാണ് നരേന്ദ്രമോദി മോസ്കോയിൽ എത്തിയത്. വിമാനത്താവളത്തിൽ റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഊഷ്മള സ്വീകരണം നൽകി. തുടർന്ന് പ്രസിഡന്റ് വ്ലാഡിമിർ പുടിൻ ഒരുക്കിയ സ്വകാര്യ അത്താഴ വിരുന്നിലും നരേന്ദ്രമോദി പങ്കെടുത്തു.

ഇന്ന് റഷ്യയിലെ ഇന്ത്യൻ സമൂഹവുമായി നരേന്ദ്രമോദി സംവദിക്കും. ക്രംലിനിലെ അജ്ഞാത സൈനികന്റെ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കുന്ന പ്രധാനമന്ത്രി പ്രദർശന വേദിയായ റൊസാറ്റം പവലിയനും സന്ദർശിക്കും. തുടർന്ന് റഷ്യൻ പ്രസിഡന്റുമായി രഹസ്യ ചർച്ചയും പിന്നീട് പ്രതിനിധിതല ചർച്ചയും നടത്തും.

ഇതിനു ശേഷം സന്ദർശനത്തിന്റെ രണ്ടാംഘട്ടത്തിൽ വൈകിട്ട് പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തും. ഓസ്ട്രിയൻ ചാൻസലറുമായി ഗൗരവമേറിയ ചർച്ചകൾ നടത്തുന്ന പ്രധാനമന്ത്രി പിന്നീട് പ്രതിനിധിതല ചർച്ചയിലും പങ്കെടുക്കും.

✪✪✪

പരിസ്ഥിതി സംരക്ഷണത്തിനും പരിപാലനത്തിനും ഗവൺമെന്റും അന്താരാഷ്ട്ര സംഘടനകളും തുടങ്ങിവെച്ച ശ്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ജനങ്ങൾ സ്വയം മുൻകൈ എടുക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു ആഹ്വാനം ചെയ്തു. സുരക്ഷിതഭാവിക്കായി ഓരോ വ്യക്തിയും പ്രാദേശിക തലത്തിൽ കഴിവിന്റെ പരമാവധി ശ്രമങ്ങൾ നടത്തണമെന്നും അവർ അഭ്യർഥിച്ചു. നാല് ദിവസത്തെ സന്ദർശനത്തിനായി ഒഡീഷയിലെത്തിയ രാഷ്ട്രപതി പുരി ബീച്ച് സന്ദർശിച്ച ശേഷം എക്സ് പോസ്റ്റിലാണ് ചിന്തകൾ പങ്കുവെച്ചത്.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന ഉഷ്ണതരംഗത്തിൽ രാഷ്ട്രപതി ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തു.

ഒഡീഷയിൽ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുത്തു.

✪✪✪

ജമ്മു കശ്മീരിൽ സൈനിക വാഹന വ്യൂഹത്തിനു നേരെ ഭീകരർ നടത്തിയ ആക്രമണത്തിൽ അഞ്ച് സൈനികർ വീരമൃത്യു വരിച്ചു - അഞ്ചുപേർക്ക് സാരമായി പരിക്കേറ്റു.

ജമ്മു ഡിവിഷനിലെ കത്വ ജില്ലയിൽ ബദ്നോട്ട ഗ്രാമത്തിൽ ഇന്നലെ ഉച്ച കഴിഞ്ഞ് ഭീകരാക്രമണം ഉണ്ടായത്.

പട്രോളിംഗ് നടത്തുകയായിരുന്ന സൈനിക വാഹനങ്ങൾക്കു നേരെ ഗ്രനേഡ് എറിഞ്ഞ ശേഷം ഓട്ടോമാറ്റിക് തോക്കുകൾ ഉപയോഗിച്ച് വെടിവെയ്ക്കുകയായിരുന്നുവെന്ന് സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. മച്ചേടി - കിന്റ്ലി - മൽഹാർ റോഡിലാണ് ആക്രമണമുണ്ടായത്. സൈന്യം തിരികെ വെടിവെച്ചെങ്കിലും ഭീകരർ സംഭവ സ്ഥലത്തുനിന്ന് രക്ഷപ്പെട്ടു. കൂടുതൽ സൈനികരെത്തി അക്രമികൾക്കായി തെരച്ചിൽ തുടരുകയാണ്. മരിച്ചവരിൽ ഒരു ജൂനിയർ കമ്മീഷൻഡ് ഓഫീസറും ഉൾപ്പെടുന്നു.

✪✪✪

സംഘർഷം അവസാനിപ്പിച്ച് സമാധാനത്തോടെ ഒന്നിച്ച് ജീവിക്കാൻ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മണിപ്പൂരിലെ ജനതയോട് അഭ്യർത്ഥിച്ചു. ഇന്നലെ മണിപ്പൂരിലെത്തിയ രാഹുൽ ഗാന്ധി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന അക്രമബാധിത കുടുംബങ്ങളെ സന്ദർശിച്ചു.

മണിപ്പൂർ സന്ദർശനം രാഷ്ട്രീയ പ്രേരിതമല്ലെന്നും ദുരിതബാധിതരായ കുടുംബങ്ങളുടെ ദുഃഖവും വേദനയും പങ്കിടാനാണ് സന്ദർശനമെന്നും അദ്ദേഹം ഇംഫാലിൽ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. സംസ്ഥാനത്തെ

അക്രമങ്ങൾക്ക് രമ്യമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമെന്നും രാഹുൽ ഉറപ്പുനൽകി.

✪✪✪

BJP കേരള ഘടകത്തിന്റെ വിശാല നേതൃ യോഗം ദേശീയ അധ്യക്ഷൻ JP നദ്ദ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം ആദ്യമായാണ് നദ്ദ കേരളത്തിലെത്തുന്നത്. ഉച്ചയോടെ അദ്ദേഹം തിരുവനന്തപുരത്ത് വിമാനമിറങ്ങും. പാർട്ടി പഞ്ചായത്ത് - ഏരിയാ പ്രസിഡന്റുമാർ മുതൽ സംസ്ഥാന ഭാരവാഹികൾ വരെ യോഗത്തിൽ പങ്കെടുക്കും. കേരളത്തിൽ ആദ്യമായി ലോക്സഭാ അക്കൗണ്ട് തുറന്ന BJP വോട്ടു ശതമാനവും നല്ല രീതിയിൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്യും. തദ്ദേശ തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങളും യോഗം ചർച്ച ചെയ്യുമെന്ന് സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

തദ്ദേശ വാർഡ് വിഭജന ബില്ലിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഒപ്പുവച്ചു. ഇതനുസരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരു വാർഡ് വീതം കൂടും. ചർച്ച കൂടാതെ പാസാക്കിയ ബില്ലിൽ ഒപ്പിടരുതെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് V.D. സതീശൻ ഗവർണർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ഈ ആവശ്യം തള്ളിയാണ് ഗവർണർ ബില്ലിൽ ഒപ്പുവച്ചത്. നിയമസഭാ സമ്മേളനത്തിൽ പ്രതിപക്ഷ

ബഹളത്തിനിടെ സബ്ജക്റ്റ് കമ്മിറ്റി പരിഗണനയ്ക്ക് വിടാതെ ബിൽ വേഗത്തിൽ പാസാക്കിയെന്നായിരുന്നു പ്രതിപക്ഷ ആരോപണം.

വാർഡ് വിഭജനത്തിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ച് ഗവൺമെന്റ് നേരത്തെ വിജ്ഞാപനമിറക്കിയിരുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമീഷണർ A. ഷാജഹാനാണ് സമിതി ചെയർമാൻ. 2025 ഡിസംബറിലാണ് തദ്ദേശ തെരഞ്ഞെടുപ്പ്.

✪✪✪

ധനവിനിയോഗ ബിൽ ഇന്ന് നിയമസഭ പാസ്സാക്കിയേക്കും. പുതിയ സാമ്പത്തിക വർഷത്തെ ബജറ്റിലേക്ക് ലഭിച്ച ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്, മന്ത്രി K.N ബാലഗോപാൽ സഭയുടെ മേശപ്പുറത്ത് വെക്കും. 2016 മുതൽ 2019 വരെ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ് മെന്റുകളും സഭയിൽ വെക്കും.

✪✪✪

തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങ് ഗവേഷണ കേന്ദ്രത്തിന്റെ 61-ാം സ്ഥാപക ദിനാഘോഷങ്ങൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കേരളത്തിന് പുറമെ ഒഡീഷ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മികച്ച കിഴങ്ങ് വിള കർഷകരേയും ശാസ്ത്രജ്ഞരേയും ഗവേഷകരേയും ചടങ്ങിൽ ആദരിക്കും.

✪✪✪

**യൂറോകപ്പ് ഫുട്ബോളിലെ ആദ്യ സെമി പോരാട്ടത്തിൽ ഇന്ന്, സ്പെയിൻ ഫ്രാൻസുമായി ഏറ്റുമുട്ടും. രാത്രി 12.30ന് മ്യൂണിക്കിലെ അലയൻസ് അരീനയിലാണ് മത്സരം. ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ആതിഥേയരായ ജർമനിയെ എക്സ്ട്രാ ടൈമിൽ കീഴടക്കിയാണ് സ്പെയിൻ സെമിയിലെത്തിയത്. കഴിഞ്ഞ അഞ്ച് കളികളിലും ജയിച്ച ഒരേ ഒരു ടീമാണ് സ്പെയിൻ. ക്വാർട്ടറിൽ പോർച്ചുഗലിനെ ഷൂട്ടൗട്ടിൽ തളച്ചായിരുന്നു ഫ്രാൻസിന്റെ സെമി പ്രവേശം.**

**രണ്ടാം സെമി ഫൈനലിൽ നാളെ രാത്രി 12.30ന് നെതർലാൻഡ്സ്, ഇംഗ്ലണ്ടിനെ നേരിടും.**

✪✪✪

**ഇന്ത്യാ- ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് ചെന്നൈയിൽ. വൈകിട്ട് ഏഴിന് MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ മത്സരം വിജയിച്ച ദക്ഷിണാഫ്രിക്ക പരമ്പരയിൽ 1-0 ത്തിന് മുന്നിലാണ്. രണ്ടാം മത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു. ഇന്നത്തെ മത്സരം ജയിച്ച് പരമ്പരയിൽ സമനില സ്വന്തമാക്കാനാവും ഇന്ത്യൻ ടീമിന്റെ ശ്രമം.**

✪✪✪

**ഷൂട്ടിംഗ് താരം താരം ഗഗൻ നരംഗിനെ 2024 പാരീസ് ഒളിമ്പിക്സിൽ ഇന്ത്യൻ സംഘത്തിന്റെ *ഷെഫ് ഡി മിഷൻ* ആയി തിരഞ്ഞെടുത്തു. നേരത്തെ ഈ സ്ഥാനത്തേക്ക് ബോക്സിംഗ്**

താരം മേരി കോമിനെയാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ തിരഞ്ഞെടുത്തിരുന്നത്.

ഈ മാസം 26 നാണ് ഒളിമ്പിക്സ് മത്സരങ്ങൾക്ക് തുടക്കമാകുന്നത്.ഉദ്ഘാടനച്ചടങ്ങിലെ മാർച്ച് പാസ്റ്റിൽ ബാഡ്മിന്റൺ സൂപ്പർ താരം P.V സിന്ധുവും, ടേബിൾ ടെന്നിസ് താരം ശരത് കമലും രാജ്യത്തിനായി പതാകയേന്തുമെന്ന് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് P.T ഉഷ അറിയിച്ചു.

✪✪✪

സംസ്ഥാന മത്സ്യ-കർഷക അവാർഡുകൾ പ്രഖ്യാപിച്ചു. കോട്ടയം നീലംപേരൂരിലെ മാത്തുക്കുട്ടിയാണ് മികച്ച ശുദ്ധജല കർഷകൻ. ഓരു ജല മത്സ്യ കർഷക വിഭാഗത്തിൽ എറണാകുളം പച്ചാളത്തെ K.G ദിനേശൻ ഒന്നാം സ്ഥാനം നേടി. കണ്ണൂർ മടക്കരയിലെ E.V. കബീർ ആണ് മികച്ച ചെമ്മീൻ കർഷകൻ.

നൂതന മത്സ്യ കർഷക വിഭാഗത്തിൽ കണ്ണൂർ കടവത്തെ മുസ്തഫ കമ്പൻ ഒന്നാം സ്ഥാനം നേടി. മികച്ച അലങ്കാര മത്സ്യ കർഷകനായി കൊല്ലം വവ്വക്കാവിലെ മുഹമ്മദ് ബിൻ ഫാറൂക്കിനെ തെരഞ്ഞെടുത്തു. തദ്ദേശ സ്ഥാപന വിഭാഗത്തിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിക്കാണ് സമ്മാനം. ജില്ലാ തലത്തിൽ തിരുവനന്തപുരം ഒന്നാം സ്ഥാനവും എറണാകുളം രണ്ടാം സ്ഥാനവും നേടി.

✪✪✪

തലശ്ശേരി കൊടുവള്ളിയിലെ റെയിൽവേ മേൽപ്പാല നിർമ്മാണം ഒക്ടോബറിൽ പൂർത്തിയാക്കുന്നതിന് സ്പീക്കർ

A.N ഷംസീറിന്റെ ചേംബറിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥ തലയോഗത്തിൽ തീരുമാനമായി. മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്താൻ ചേർന്ന യോഗത്തിലാണ് തീരുമാനം. റെയിൽവെയുടെയും കിഫ്ബിയുടെയും നിർമ്മാണ കരാറുകാരുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

റയിൽവേ ഗർഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഈ മാസം 18 മുതൽ 20 വരെ നടത്തുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

റെയിൽവേയുടെ ഭാഗത്തെ ജോലികൾ രണ്ടു മാസത്തിനകവും പാലത്തിന്റെ ഇരു ഭാഗത്തെയും പണികൾ മൂന്നു മാസത്തിനകവും പൂർത്തിയാക്കാൻ കഴിയുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ജൂലൈ 18-ന് നിർമ്മാണ സ്ഥലം സന്ദർശിക്കുമെന്ന് സ്പീക്കർ അറിയിച്ചു.

✪✪✪

കോഴിക്കോട് പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് പൂർത്തീകരണത്തിന് ധനകാര്യ വകുപ്പ് 12 കോടി 82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. സ്ഥലമെടുപ്പു നടപടികൾ പൂർത്തിയാകാത്തതിനാൽ റെയിൽവേയുടെ ഭാഗത്ത് മാത്രം നിർമ്മാണം പൂർത്തിയായ നിലയിലാണ് മേൽപ്പാലം. അടിയന്തരമായി സ്ഥലം ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കാൻ ഇതോടെ സാധ്യമാകുമെന്നാണ് വിലയിരുത്തൽ.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കണ്ണൂർ,കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ ശക്തമായ തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യത കണക്കിലെടുത്ത് തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പാലക്കാട് മുനിസിപ്പാലിറ്റി പുറത്തിറക്കിയ നഗര മാസ്റ്റർപ്ലാൻ മലയാളത്തിൽ പ്രസിദ്ധീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. മാസ്റ്റർപ്ലാൻ മലയാളത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച പരാതിയിലാണ് നടപടി. ഇംഗ്ലീഷിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പൊതുജന ചർച്ചകൾക്ക് തടസ്സമാകുമെന്ന് കാണിച്ചാണ് കമ്മീഷൻ നടപടി.

✪✪✪